(ബി) ഇല്ല. കുടിശ്ശിക നൽകുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

പ്ലസ് ടൂ സ്കൂളുകളിലെ അധികമുള്ള ലാബ് അറ്റൻഡർമാരെ പുനർവിന്യസിപ്പിക്കുന്ന നടപടി

107 (705) ശ്രീ. ഇസഹാക് കുരിക്കൾ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ്ടു സ്കൂളുകളിൽ രണ്ട് ലാബ് അറ്റൻഡർമാരുടെ തസ്തിക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് നിലവിലുള്ള സ്റ്റാഫ്പാറ്റേൺ പ്രകാരം നേരത്തേ കൂടുതലായി നിയമിച്ചവരുടെ ഭാവിയെ പ്രതികൂലമായി ബാധിക്കുമോ ;

(ബി) അധികമുള്ള ലാബ് അറ്റൻഡർമാരെ എങ്ങനെ പുനർവിന്യസിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ;

(സി) ഇപ്പോൾ അവർ ചെയ്യുന്ന ജോലിക്ക് വേതനം നൽകുമോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) സയൻസ് ബാച്ചുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 28-3-2003-ലെ ഗവൺമെന്റ് ഉത്തരവ് ജി. ഒ. (എംഎസ്.) നമ്പർ 71/2003/ബാ.വി.വ. പ്രകാരം രണ്ട് ലബോറട്ടറി അസിസ്റ്റന്റുമാരുടെ തസ്തികകളാണ് ഗവൺമെന്റ് സൃഷ്ടിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിന് മുമ്പ് തസ്തികകളില്ലാതിരിക്കെ മാനേജർ സ്വേച്ഛാപരമായി നിയമിച്ചിട്ടുള്ള ലാബ് അസിസ്റ്റന്റുമാരുടെ നിയമനം സാധൂകരിക്കാൻ നിർവാഹമില്ല. എന്നാൽ മുമ്പ് അനുവദിച്ചിരുന്ന തസ്തികകളിൽ നിയമിക്കപ്പെടുകയും നിയമനാംഗീകാരം ലഭിക്കുകയും ചെയ്തിട്ടുള്ള ലാബ് അസിസ്റ്റന്റുമാരെ 28-3-2003-ലെ ഉത്തരവ് ബാധിക്കുന്നതല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾ

108 (706) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളെക്കുറിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) തൊഴിലധിഷ്ഠിത വിദ്യാഭ്യാസം അഴിച്ച് പണിയുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly